നമ്പർ. ജി5/21523/റ്റിസി/2015

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയതി, 14-01-2017

## സർക്കുലർ നമ്പർ 2/2017

വിഷയം :- ***മോട്ടോർ വാഹന വകുപ്പ് — 'സ്മാർട്ട് മൂവ് '*** വഴി സേവനങ്ങൾക്ക് ശേഷം രേഖകൾ തിരികെ നൽകുന്നത് — സംബന്ധിച്ച്

സൂചന :- 1. സർക്കാർ കത്ത് നമ്പർ 8813/സി1/2015/ട്രാൻ തീയതി 29-09-2015
2. സർക്കുലർ നമ്പർ 23/2011

സൂചന (1) മുഖേന ലഭിച്ച സർക്കാർ കത്തിൽ മോട്ടോർ വാഹന വകുപ്പിലെ വിവിധ ഓഫീസുകളിൽ സേവനത്തിനായി നൽകുന്ന രേഖകൾ നടപടിക്രമം പൂർത്തിയായ ശേഷം തിരികെ അയയ്ക്കുന്നതിൽ ക്രമക്കേടുകൾ കണ്ടെത്തിയതായി വിജിലൻസ് റിപ്പോർട്ട് നൽകിയതായി പറയുന്നു.

ആയതിനാൽ, കൗണ്ടറിൽനിന്നും ഇൻവേഡ് നമ്പർ സ്മാർട്ട് മൂവിലൂടെ പതിച്ച് ലഭിയ്ക്കുന്ന അപേക്ഷകൾ തീർപ്പാക്കിയ ശേഷം സ്മാർട്ട് മൂവ് വഴി speed post/by hand ഡെസ്പാച്ച് ചെയ്യേണ്ടതാണ്. സ്പീഡ് പോസ്റ്റ് വഴി തിരികെ അയയ്ക്കുന്നവ സ്പീഡ് പോസ്റ്റ് നമ്പറും അയച്ച തീയതിയും വ്യക്തമായി കമ്പ്യൂട്ടറിൽ ലഭ്യമാകത്തക്കവിധം സ്മാർട്ട് മൂവിലെ ഡെസ്പാച്ച് രജിസ്റ്റർ മുഖേന മാത്രമേ അയയ്ക്കാൻ പാടുള്ളൂ. എല്ലാ അപേക്ഷകളും കിട്ടുന്ന ദിവസംതന്നെ ഇൻവേഡ് നമ്പരിടേണ്ടതും നേരത്തെ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾപ്രകാരം തീർപ്പാക്കി നിശ്ചിത സമയത്തിനുള്ളിൽ ഡെസ്പാച്ച് ചെയ്യേണ്ടതുമാണ്. ഈ വിഷയത്തിൽ ധാരാളം പരാതികൾ ലഭിയ്ക്കുന്നതിനാൽ മേലധികാരികൾ രണ്ട് ആഴ്ച കൂടുമ്പോൾ ഫയൽ സ്റ്റാറ്റസ് പരിശോധിയ്ക്കേണ്ടതും, ടി വിവരം രേഖപ്പെടുത്തേണ്ടതുമാണ്. ഫയൽ തീർപ്പാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തിന് ഇൻവേഡ് മുതൽ ഡെസ്പാച്ച് വരെയുള്ള നടപടിക്രമങ്ങൾ ശരിയായി പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതാണ്.

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും തങ്ങളുടെ കീഴിലുള്ള ഓഫീസുകളിൽ speed post/by hand വഴി തിരികെ നൽകുന്ന രേഖകൾ, എല്ലാ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ടാണെന്നും പൊതുജനങ്ങൾക്ക് ഒരു വിധത്തിലും ബുദ്ധിമുട്ട് ഉണ്ടാക്കുന്നില്ല എന്നും ഇടയ്ക്കിടെ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിയ്ക്കുന്നതായിരിയ്ക്കും.

(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.

പകർപ്പ് :

സി.എ ടു റ്റിസി, ജെ റ്റി സി ( എൻഫോഴ്സ്മെന്റ്), ജെ റ്റി സി ( സെക്രട്ടറി, എസ് റ്റി എ), സീനിയർ ഡി റ്റി സി (ടാക്സ്), സീനിയർ എ. ഒ, സീനിയർ എഫ്. ഒ, സീനിയർ എസ്. ഒ, അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, സീനിയർ അക്കൗണ്ട്സ് ഓഫീസർ, അസിസ്റ്റന്റ് സെക്രട്ടറി, എല്ലാ സെക്ഷനുകൾക്കും , സ്റ്റോക്ക് ഫയൽ/ സ്പെയർ.

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്

മോട്ടോർവാഹന വകുപ്പ്, കേരള